

# ഫോക്‌ലോറിന്റെ വർത്തമാനം

എഡിറ്റർ
കെ. ചന്ദ്രമോഹൻ

MYTHRI

Malayalam
**FOLKLORINTE VARTHAMANAM**
Editor:
**K. CHANDRAMOHAN**
*First Mythri Edition* - 2023 January
*Typesetting & Prepress Work*
Evergreen Communication
*Cover Design* - Sagar Lal
Rights Reserved
*Publishers*
MYTHRI BOOKS
Annas Arcade, Spencer Jn,
M G Road, Statue, Trivandrum-1
Phone : 0471-4099087
f: Mythri Books | 8590962132
E-mail : mythribooks@gmail.com
Website : www.mythribooks.com

Price: ₹ 245

# ഫോക്‌ലോറിന്റെ വർത്തമാനം

എഡിറ്റർ

കെ. ചന്ദ്രമോഹൻ

MYTHRI

മൈത്രി ബുക്സ്

തിരുവനന്തപുരം

വായനയിലെ വിപ്ലവം

വില: 245

# ഉള്ളടക്കം


ആമുഖം 7

1. ഫോക്‌ലോറിന്റെ വർത്തമാനം 9
ഡോ. രാഘവൻ പയ്യനാട്

2. ഫോക്‌ലോർ: ദിശയുംബോധവും 60
വിജയകുമാർ മേനോൻ

3. ഫോക്‌ലോർ: സാംസ്കാരിക
പരിണാമത്തിന്റെ പരിച്ഛേദം 81
ഡോ. എ.കെ. നമ്പ്യാർ

4. ഫോക്‌ലോറും ആഗോളവത്കരണവും 97
ഡോ. കെ.കെ.എൻ. കുറുപ്പ്

5. നാടൻകലാപഠനത്തിന്റെ രീതിശാസ്ത്രം 102
ഡോ. ശശിധരൻ ക്ലാരി

6. വാമൊഴിചരിത്രം 114
ഡോ. പി. രഞ്ജിത്കുമാർ

7. നാടോടി മനഃശാസ്ത്രം 140
സി. ഗണേഷ്

8. ഫോക്‌ലോർ പരിണാമങ്ങളിൽ
കാലഘട്ടത്തിന്റെ സ്വാധീനം 153
ഡോ. പി.ജി. പദ്മിനി

9. അരനൂറ്റാണ്ടു കഴിഞ്ഞ കേരളീയ
നാടൻകലാപഠനം 158
ഡോ. കെ.എം. ഭരതൻ

# അരനൂറ്റാണ്ടു കഴിഞ്ഞ കേരളീയ നാടൻ കലാപഠനം

കെ.എം. ഭരതൻ

ഏതെങ്കിലും ഒരു കലാരൂപത്തെക്കുറിച്ചുള്ള വെറും അന്വേഷണമോ വിവരണമോ അല്ല ഇന്ന് നാടൻകലാപഠനം. അത് സാമൂഹ്യപഠനത്തിനുള്ള ഉപാധികൂടിയാണ്. ഫോക്‌ലോർ പഠനത്തിന്റെ ഒരു ഭാഗം എന്ന നിലക്കാണ് നാടൻകലാപഠനം ഇന്ന് മുഖ്യമായും കൈകാര്യം ചെയ്യപ്പെടുന്നത്. ഒരു പ്രത്യേക വംശമോ ഒരു പ്രദേശത്തെ ജനതയോ അവരുടെ പാരമ്പര്യത്തിൽ നിന്ന് ദേശകാലങ്ങൾക്കും വ്യവസ്ഥയ്ക്കും അനുസരിച്ച് രൂപപ്പെടുത്തിയെടുത്തതാണ് ഓരോ നാടൻകലയും. അതിൽ അവരുടെ ചരിത്രവും സ്വപ്നവും പ്രതിഷേധവും സങ്കടവുമെല്ലാം അടങ്ങിയിരിക്കും. അതിനാൽ ഇത് വെറുമൊരു കലാരൂപം മാത്രമല്ല, പ്രകൃതിയെയും സമൂഹത്തെയും ജീവിതത്തെയും സംബന്ധിച്ചുള്ള ഒരു ജനതയുടെ സവിശേഷമായ തിരിച്ചറിവും അതിന്റെ രേഖപ്പെടുത്തലും കൂടിയാണ്. ജനത തലമുറകളായി ആർജിക്കുകയും കൊണ്ടുനടക്കുകയും ചെയ്യുന്ന അറിവുകളുടെയും അഭിരുചികളുടെയും സഞ്ചിതരൂപം എന്ന നിലക്കാണ് നാടൻകലകൾ ഫോക്‌ലോറിന്റെ ഭാഗമായിതീരുന്നത്. നാടൻ കലകൾക്കു മാത്രമല്ല, വാമൊഴി പാരമ്പര്യം, വിശ്വാസാചാരങ്ങൾ, ഭൗതിക സംസ്കാരം തുടങ്ങിയവക്കും ഇത്തരം സവിശേഷതകൾ ഉള്ളതിനാൽ ഫോക്‌ലോർ പഠനത്തിന്റെ പരിധിയിൽ ഇവ കൂടി ഉൾപ്പെടുന്നു.

ലോകത്തിന്റെ മറ്റു പല ഭാഗങ്ങളിലെന്നപോലെ കേരളത്തിലും ഫോക്‌ലോർ പഠനത്തിന് മൂന്നു ഘട്ടങ്ങൾ കല്പിക്കാം. 1. സമാഹരണഘട്ടം 2. വിവരണാത്മകപഠനങ്ങൾ, 3. വിശകലനാത്മകപഠനങ്ങൾ. യൂറോപ്യൻ രാജ്യങ്ങളിൽ ഗ്രിംസഹോദരന്മാരും മറ്റും നാടോടിക്കഥകളെ സമാഹരിച്ചുകൊണ്ടാണ് ഈ പഠനത്തിനു തുടക്കമിട്ടത്. കേരളത്തിൽ പഴഞ്ചൊല്ലുകൾ സമാഹരിച്ച് 'അഡഗിയ മലബാറിക്ക' എന്ന പേരിൽ പ്രസിദ്ധീകരിച്ചു

കൊണ്ട് 1791 ൽ പോളിനോസ് പാതിരിയാണ് ഈ പഠനത്തിനു തുടക്കം കുറിച്ചത്. അക്കാലത്ത് ഇത്തരം പഠനങ്ങൾ പോപ്പുലർ അന്റിക്വിറ്റീസ് അഥവാ ജനകീയ പഴമകൾ എന്ന പേരിലാണറിയപ്പെട്ടിരുന്നത്. ഇത് പഴയതാണെന്നും മാറ്റേണ്ടതാണെന്നുമുള്ള ഒരാശയം ആ പേരിനകത്തു തന്നെ ഉണ്ട്.

അന്നത്തെ സമൂഹത്തിൽ മേൽക്കൈ നേടിയിരുന്ന രണ്ട് പ്രബലമായ ആശയങ്ങൾക്കെതിരായിരുന്നു ഇത്തരം പഠനങ്ങൾ എന്നത് പ്രത്യേകപരാമർശം അർഹിക്കുന്നു. നാടൻ കല/ക്ലാസിക്കൽ കല, നാടൻ പാട്ട്/ വരേണ്യസാഹിത്യം എന്നിങ്ങനെയുള്ള വ്യത്യസ്തമായ തരംതിരിവുകൾ അക്കാലത്ത് ശക്തമായി നിലനിന്നിരുന്നു. ക്ലാസിക്കൽ കലകളും വരേണ്യസാഹിത്യവും ഉന്നതമായ സമൂഹത്തിന്റേയും സംസ്കാരത്തിന്റേയും ആവിഷ്കാരമായി കരുതപ്പെട്ടു. അവ ഗൗരവാവഹമായ വ്യാപാരങ്ങളാണെന്നും പഠിക്കപ്പെടേണ്ടതാണെന്നും ഉള്ള ബോധം ശക്തമായിരുന്നു. എന്നാൽ നാടൻ കലകളും നാടൻ പാട്ടുകളും അപരിഷ്കൃതമായ ജീവിതത്തിന്റെ താഴ്ന്നപടിയിലുള്ളൊരു ആവിഷ്കാരമായാണ് വിലയിരുത്തപ്പെട്ടത്. അതുകൊണ്ടുതന്നെ പഠിക്കപ്പെടാൻ മാത്രം ഗൗരവമുള്ളതായി അതിനെ ആരും പരിഗണിച്ചിരുന്നില്ല. ജനാധിപത്യകാലത്തിലെ വൈജ്ഞാനിക മണ്ഡലത്തിൽ പോലും ഈ സമീപനത്തിന്റെ മേൽക്കൈ പൂർണ്ണമായും ഇല്ലാതായിട്ടില്ല. ആധുനികതയുടെ സംസ്കാരം, അറിവ്, പ്രത്യയശാസ്ത്രം എന്നിവയുടെ പൊതുവായ അന്തഃസത്ത അതുവരെ നിലനിന്നിരുന്ന പാരമ്പര്യവും അതിന്റെ അടയാളങ്ങളുമെല്ലാം ഉപേക്ഷിക്കപ്പെടേണ്ടവയോ മാറേണ്ടവയോ ആണ് എന്നതായിരുന്നു. ഇന്ദുലേഖ നോവലിലും മറ്റും ഈ ആശയം വളരെ പ്രകടമാണ്. മേൽക്കൈ നഷ്ടപ്പെട്ടെങ്കിലും ഈ ആശയം ഇന്നും നമുക്കിടയിൽ നിലനിൽക്കുന്നുണ്ട്. ആഢ്യവാദത്തിന്റെയും ആധുനികതാവാദത്തിന്റെയും പ്രബലമായ രണ്ട് ആശയഗതികളെ എതിർത്തുകൊണ്ടാണ് കേരളത്തിലെ ഫോക്‌ലോർ പഠനം പ്രവർത്തിച്ചു തുടങ്ങിയത്.

എന്നാൽ ഇത്തരം ആശയഗതികൾക്കെതിരായി, ഫോക്‌ലോർ വസ്തുതകളെ സമാഹരിക്കാൻ പണ്ഡിതന്മാരെ പ്രേരിപ്പിക്കുന്ന മറ്റൊരു പശ്ചാത്തലവും ഇവിടെ ഉണ്ടായിരുന്നു. വ്യവസായവത്കരണവും നഗരവത്കരണവും ഇതു രണ്ടും ചേർന്ന ആധുനികതയും പാരമ്പര്യകൂട്ടായ്മകളിലും അതിന്റെ ജീവിതത്തിലും ആവിഷ്കാരങ്ങളിലും വമ്പിച്ച മാറ്റങ്ങളുണ്ടാക്കി. ജീവിതം അതിവേഗത്തിൽ മാറാൻ തുടങ്ങിയതോടെ അന്യമാ

യിത്തുടങ്ങിയ നാടൻപാട്ടുകൾ, ... ലകൾ തുടങ്ങിയ ജനകീയ പഴമകളെ ഗുഹാതുരത്വമനോഭാവത്തോടെ പലരും സമാഹരിക്കാൻ തുടങ്ങി. ഇംഗ്ലണ്ടിലും മറ്റു യൂറോപ്യൻ രാജ്യങ്ങളിലും ഇത്തരം സമാഹരണശ്രമങ്ങൾ സജീവമായിരുന്ന കാലത്ത് അവിടെ നിന്നും ഇന്ത്യയിലെത്തിയവരാണ് കേരളത്തിലും ഇത്തരം പഠനങ്ങൾക്കു തുടക്കമിട്ടത്. ആധുനികതയുടെ സാന്നിദ്ധ്യവും അതുകൊണ്ടുവന്ന മാറ്റങ്ങളുടെ തോതും ഈ കാലയളവിൽ കേരളത്തിൽത വളരെ കുറവായിരുന്നു. ഇവിടത്തെ സംസ്കാരം പാശ്ചാത്യ പണ്ഡിതന്മാരിലുളവാക്കിയ ഗുഹാതുരത്വമനോഭാവവും വിഭിന്നമായിരുന്നു. പരിഷ്കൃതരെന്ന് സ്വയം അഭിമാനിച്ചിരുന്ന ഇവർ മനുഷ്യവംശത്തിന്റെയും ആദിമ സംസ്കാരത്തിന്റെയും വേരുകൾ കണ്ടെത്താനുള്ള കൗതുകത്തിന്റെ കൂടി അടിസ്ഥാനത്തിലാണ് കേരളത്തിലെ നാടൻകലകളെയും നാട്ടറിവുകളെയും മറ്റും അന്വേഷിച്ചത്. ഇപ്പോഴും ദൈവമാർഗ്ഗത്തിലേക്ക് വന്നിട്ടില്ലാത്ത, ചെകുത്താനെ ആരാധിക്കുന്ന ജനതയാണ് കേരളീയരെ അവർ കണ്ടത്. തെയ്യത്തെ ചെകുത്താന്റെ നൃത്തവുമായി (Dcvil Dance) അവർ വിലയിരുത്തി. ഇതിന് ദൃഷ്ടാന്തമാണ്. പഠനം നടത്തിയവരിലേറെയും മിഷണിമാരോ ഭരണാധികാരികളോ ആണെന്ന് കാണാൻ കഴിയും. ഈ രണ്ടുകൂട്ടർക്കും ഇവിടത്തെ പ്രാദേശിക സംസ്കാരത്തെയും കൂട്ടായ്മാ ജീവിതത്തെയും അറിയേണ്ടത് തങ്ങളുടെ പ്രവർത്തനങ്ങൾക്ക് ആവശ്യമായിരുന്നു. ഫോക്‌ലോറുകൾ സമാഹരിക്കുന്നതിലൂടെ അതെളുപ്പമായി തീരുകയും ചെയ്യും. ഒരു ജനജീവിതത്തിന്റെ എല്ലാ ഊർജ്ജവും ഉപയോഗിച്ചുകൊണ്ട് അവരോട് ആശയവിനിമയം നടത്താൻ പഴഞ്ചൊല്ലുകൾ സഹായകരമാണ്. അതിനാൽ മതപ്രചാരകനായ പോളിനോസ് പാതിരി പഴഞ്ചൊല്ലുകൾ സമാഹരിച്ചത്. തികച്ചും യാദൃശ്ചികമല്ല. വിദേശികൾ നടത്തിയ സമാഹരണ പ്രവർത്തനങ്ങളെ പൊതുവെ ഇത്തരത്തിൽ വിലയിരുത്താൻ സാധിക്കും. പോളിനോസ് പാതിരി, ഹെർമൻ ഗുണ്ടർട്ട് (കേരളോല്പത്തി, വടക്കൻപാട്ടുകൾ മുതലായവ), പേഴ്സിമകവീൻ (വടക്കൻ പാട്ടുകൾ), എഡ്ഗാർതേഴ്സ്റ്റൺ (കാസ്റ്റ്സ് ആന്റ് ട്രൈബ്സ് ഓഫ് സതേൺ ഇന്ത്യ), വില്യം ലോഗൻ (മലബാർ മാന്വൽ) തുടങ്ങിയവരുടെ പഠനങ്ങളാണ് ആദ്യഘട്ടത്തിൽ മുഖ്യമായും ഉൾപ്പെട്ടിട്ടുള്ളത്.

വിദേശികൾ നടത്തിയ പഠനം സ്വദേശീയരായ ഏതാനും പണ്ഡിതന്മാരെക്കൂടി ഈ മേഖലയിലേക്ക് ആകർഷിച്ചു. ഇത് പഠിക്കപ്പെടേണ്ടതാണെന്നുള്ള ബോധം പ്രബലമായി. 1881 ൽ

പ്രസിദ്ധീകരിക്കപ്പെട്ട പി.ഗോവിന്ദപ്പിള്ളയുടെ ഭാഷാ ചരിത്രത്തിൽ
നാടൻപാട്ടുകളെ ഗൗരവപൂർവ്വം പഠിക്കാൻ ശ്രമിച്ചിട്ടുള്ളത്
ഇതിന് ദൃഷ്ടാന്തമാണ്. 1880 കളോടെ മലയാളത്തിൽ വർദ്ധി
ച്ചുവരുന്ന പത്രമാസികകൾ ഒറ്റപ്പെട്ട പാട്ടുകളുടെയും നാടൻക
ലകളെക്കുറിച്ചുള്ള ലഘുവിവരണങ്ങളുടെയും പ്രസിദ്ധീകരണ
ത്തിന് കളമൊരുക്കി. വിദ്യാവിനോദിനി, വിദ്യാവിലാസിനി
പോലുള്ള മാസികകളിലും മറ്റുമായി അപ്പൻതമ്പുരാനെപ്പോലു
ള്ളവർ പ്രസിദ്ധീകരിച്ച കൈകൊട്ടിക്കളിപ്പാട്ടുകളും അവയെ
ക്കുറിച്ചുള്ള ലഘുവിവരണങ്ങളും മറ്റും ഇക്കൂട്ടത്തിൽപ്പെടുന്നു.
കടത്തനാട്ടു മാധവി അമ്മയുടെ തച്ചോളി ഒതേനൻ (1928)
പ്രത്യേക പരാമർശം അർഹിക്കുന്നു. 1930 കൾ വരെ ഏതാണ്ട്
പൂർണ്ണമായും ഇത്തരത്തിലുള്ള സമാഹരണവും പ്രസിദ്ധീകര
ണവും തന്നെയായിരുന്നു ദേശീയരായ ആളുകളുടെ ഇടയിൽ
നിന്നുണ്ടായ ഫോക്‌ലോർ പഠനത്തിന്റെ മുഖമുദ്ര. തികച്ചും
വ്യത്യസ്തങ്ങളായ പല വൈജ്ഞാനിക മേഖലകളിൽ നിന്നു
മുള്ള പണ്ഡിതന്മാരായിരുന്നു ഇവരെല്ലാവരും എന്നത് പ്രത്യേക
പരാമർശം അർഹിക്കുന്നു.

1930 കളിലുണ്ടായ പഠനങ്ങളിൽ രണ്ടെണ്ണം സവിശേഷ
ശ്രദ്ധ ആർഷിക്കുന്നവയാണ് രാമവർമ്മ അപ്പൻ തമ്പുരാന്റെ
'ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും' (1930,
ചേലനാട്ട് അച്യുതമേനോന്റെ വടക്കൻപാട്ടുകൾ വാല്യം-1 (1935)
എന്നിവയാണ് ഈ പഠനങ്ങൾ. വൃത്തപരമായ സവിശേഷത
കളെ മുൻനിർത്തി നാടൻപാട്ടുകളെ വിവരിക്കാനുള്ള ശ്രമങ്ങൾ
അപ്പൻതമ്പുരാന്റെ പഠനത്തിലും കർത്താവ്, കാലം കേരളീയ
സമുദായം, ആചാരങ്ങൾ തുടങ്ങിയവയുമായി ബന്ധപ്പെടുത്തി
വടക്കൻ പാട്ടുകളെ വിശദീകരിക്കാനുള്ള ശ്രമം അച്യുതമേ
നോന്റെ പഠനത്തിലും കാണാം. സമാഹരിച്ച വസ്തുതകളെ
അതേപടി പ്രസിദ്ധീകരിക്കുന്നതിൽ നിന്നുമാറി അവയെ ക്രമ
പ്പെടുത്തിയും ആവശ്യമായ വിശദീകരണങ്ങൾ നൽകിയും
പുതിയ അന്വേഷണങ്ങളിലേക്കു നയിക്കുന്നത് ഇവിടെ ദൃശ്യ
മാകുന്നു.

1940 കളിലുണ്ടായ ഏതാനും പഠനങ്ങളിലാണ് നാടൻക
ലകൾ നേരിട്ട് പരാമർശവിഷയമാകുന്നത്. കെ.ആർ.പിഷാരടിയും
'നമ്മുടെ ദൃശ്യകലയിൽ' (1940) ഭഗവതിപ്പാട്ട്, തീയാട്ട്പാന,
കണ്യാർകളി, മുടിയേറ്റ്, തൂക്കം, കുറത്തിയാട്ടം തുടങ്ങിയ കലാ
രൂപങ്ങളെപ്പറ്റിയുള്ള വിവരണങ്ങളുണ്ട്. 1943 ൽ പ്രസിദ്ധീകരിച്ച
ചേലനാട്ട് അച്യുതമേനോന്റെ 'കേരളത്തിലെ കാളീസേവ' പാന

തുടങ്ങിയ ആരാധനാ സമ്പ്രദായങ്ങളെയും മറ്റ് അനുഷ്ഠാനങ്ങളെയും വിവരിക്കുന്നുണ്ട്. കെ.കൊച്ചുകൃഷ്ണൻ നാടാരുടെ ഇരവിക്കുട്ടിപ്പിള്ളപ്പോരിൽ ഗ്രന്ഥകാരനു പുറമെ അവതാരികാകാരനായ ശൂരനാട്ട് കുഞ്ഞൻപ്പിള്ളയും വിൽപ്പാട്ടിനെപ്പറ്റി പരാമർശിക്കുന്നുണ്ട്. 1947 ൽ പ്രസിദ്ധീകരിച്ച സി.ആർ. കേരളവർമ്മയുടെ 'മന്ത്രവാദവും മതവും' എന്ന പഠനത്തിലും അനുഷ്ഠാനങ്ങളെയും നാടൻ നൃത്തങ്ങളെയും പറ്റി പരാമർശങ്ങളുണ്ട്. ഇതേ വർഷം തന്നെ പ്രസിദ്ധീകരിച്ച എം.ഡി.രാഘവന്റെ (Folk plays and dances) എന്ന പഠനത്തിൽ പൂരക്കളിയും മോഹിനിയാട്ടവും മറ്റും ഒരേ പ്രാധാന്യത്തോടെ വിവരിച്ചിരിക്കുന്നു. വീക്ഷണകോണിലെ ഉച്ചനീചത്വം ബാധിച്ചിരുന്നില്ലെന്നുമാത്രമല്ല, രാഷ്ട്രീയവും സാമൂഹികവുമായ വിലയിരുത്തലുകളും ഇതിൽ അടങ്ങിയിരിക്കുന്നു. ഇതിന്റെ ആമുഖത്തിൽ അദ്ദേഹം പറയുന്നത് നോക്കുക:

(An understanding them of the recreational side of the human socictics is as important from the point of view of the social welfare of the people concerned as of the wide interests of ethonology. I make no appology therefore in presenting to the public a brief survey of the folk plays and dances of Kerala a region which has kept so its traditions and has preserved the customer institutions despite the spread of western civilization which has made such rapid strides among the people) നാടൻ കലാപഠനത്തിന്റെ (ഫോക്‌ലോർ പഠനത്തിന്റെ) രാഷ്ട്രീയവും സാമൂഹികവുമായ ധർമ്മത്തെ ഇത്രമാത്രം വ്യക്തമായി ഇതിനു മുമ്പ് ആരെങ്കിലും പറഞ്ഞിട്ടുണ്ടെന്ന് തോന്നുന്നില്ല. ലോകരംഗത്ത് നടക്കുന്ന നാടോടിഗാനപഠനങ്ങളെ പഠിക്കുവാനും അതിൽനിന്നുള്ള അറിവുകളെ സ്വാംശീകരിച്ച് സ്വന്താം പഠനങ്ങളിൽ പ്രയോഗിക്കുവാനും കൂടി എം.ഡി. രാഘവൻ ശ്രദ്ധിച്ചിരുന്നു. രണ്ടാം ലോകമഹായുദ്ധത്തെ തുടർന്നുണ്ടായ വ്യാവസായികവത്കരണം, നഗരവത്കരണം, ആഗോളവത്കരണം എന്നിവയ്ക്കിടയിൽ അവയെ ചെറുത്തുകൊണ്ടാണ് പാശ്ചാത്യനാടുകളിൽ ഫോക്‌ലോർ പഠനം ശക്തിപ്രാപിച്ചത്. 1934 ൽ വിയന്നയിലും 1935 ൽ ലണ്ടനിലും വച്ച് നടന്ന ഇന്റർനാഷണൽ ഫോക്ഡാൻസ് ഫെസ്റ്റിവൽ ഗ്രാമീണ ജനജീവിതപഠനത്തിൽ ശ്രദ്ധിക്കുവാനും അതിനെ ശക്തമാക്കുവാനും തീരുമാനിച്ചു. അതുപോലെ ഇവിടെയും പാരമ്പര്യത്തിലെ നന്മകളെ നിലനിർത്തുന്നതിലാവണം ശ്രദ്ധിക്കേണ്ടതെന്നും അദ്ദേഹം പറയുന്നു.

തുടർന്നുള്ള കാലയളവിൽ നാടൻകലാപഠനങ്ങളുടെ എണ്ണം ഏറെ കൂടിയിട്ടുണ്ട്. എം.ഡി. രാഘവനെപ്പോലെ തെളിഞ്ഞ സാമൂഹ്യബോധവും വ്യക്തമായ രാഷ്ട്രീയവീക്ഷണവുമായി പഠനം നടത്തിയവർ കുറവാണ്. ഡോ.എസ്.കെ.നായരുടെ സംസ്കാര കേദാരം (1957), കേരളത്തിലെ നാടോടിനാടകങ്ങൾ (1955), എൻ.കോയിത്തട്ടയുടെ ഇന്ത്യൻ ശില്പകല, ജി. ശങ്കരപ്പിള്ളയുടെ തോറ്റംപാട്ട് തുടങ്ങിയവ അൻപതുകളിലുണ്ടായവയാണ്. വാമൊഴിവഴക്കംപോലെ തന്നെയോ മറ്റു ക്ലാസിക്കൽ കലാരൂപങ്ങളെപ്പോലെയോ പഠിക്കപ്പെടേണ്ടതാണ് നാടൻകലകളും അനുഷ്ഠാനങ്ങളും എന്നതിന് തെളിവാണ് ഡോ.എസ്.കെ. നായരുടെയും മറ്റും പഠനങ്ങൾ. അറുപതുകളിലെത്തുമ്പോഴേക്കും കുറേക്കൂടി വിപുലമായിത്തീരുകയും ശ്രദ്ധേയമായ ഏതാനും പഠനങ്ങൾക്കൂടി ഉണ്ടാവുകയും ചെയ്യുന്നുണ്ട്. വിശദാംശങ്ങളിലേക്ക് കൂടുതൽ ശ്രദ്ധിക്കുകയും കലാവതരണവുമായി ബന്ധപ്പെട്ട സമൂഹങ്ങളെക്കൂടി പരിഗണിക്കുകയും ചെയ്തുവെന്നതാണ് ഇക്കാലത്തെ പഠനങ്ങളുടെ പ്രത്യേകത. ടാറ്റാപുരം സുകുമാരന്റെ (വിവ.) ഇന്ത്യൻ നാടോടിനൃത്തങ്ങൾ (1960), ഡോ. കെ. രാഘവൻപിള്ളയുടെ കളിനാടകം ചിറക്കൽ ടി.യുടെ കളരിപ്പയറ്റ് (1963), കെ. പാനൂരിന്റെ കേരളത്തിലെ ആഫ്രിക്ക (1963), എൻ.വി. കൃഷ്ണവാര്യരുടെ ഇന്ത്യയിലെ ഉത്സവങ്ങൾ (1964), സബീനാറാഫിയുടെ പവിട്ടുനാടകം (1964) തുടങ്ങിയവ ഈ കാലയളവിലെ ശ്രദ്ധേയമായ പഠനങ്ങളിൽ ചിലതാണ്.

ഡോ.ചുമ്മാർ ചൂണ്ടലിന്റെ 'ഐവർ നാടകം', 'കുമ്മാട്ടി', 'നാടൻകല' സി.എം.എസ്. ചന്തേരയുടെ കണ്ണകിയും ചീർമ്മക്കാവും, കളിയാട്ടം, സി.ഗോപാലൻനായരുടെ തിറ, ജി.ഭാർഗവൻപിള്ളയുടെ കാക്കാരിശ്ശിനാടകം തുടങ്ങിയ പഠനങ്ങൾ എഴുപതുകളിലാണ് പുറത്തുവരുന്നത്. ഒരു സംഘം ലേഖകന്മാരെഴുതി കേരളസംഗീതനാടക അക്കാദമി പ്രസിദ്ധീകരിച്ച തെയ്യം, നാടോടി ദൃശ്യകലാസൂചിക, പബ്ലിക് റിലേഷൻ വകുപ്പ് പ്രസിദ്ധീകരിച്ച് നാടൻകല എന്നീ പഠനങ്ങൾ പ്രത്യേക പരാമർശം അർഹിക്കുന്നവയാണ്. നാടൻകലകളെ പുതിയ ഉൾക്കാഴ്ചകളോടെ പഠിക്കാനുള്ള ശ്രമങ്ങൾ ഇവയിൽ പലതിലും ഉണ്ട്. പഠനാർഹമായ വിഷയം എന്ന നിലയിൽ ഫോക്‌ലോറിനെ ആദ്യമായി സമീപിക്കുന്ന ചില കൃതികളും ഇക്കാലത്തു തന്നെയാണുണ്ടായത്. എം.വി. വിഷ്ണുനമ്പൂതിരിയുടെ നാടോടിവിജ്ഞാനീയത്തിനൊരു മുഖവുര (1978), രാഘവൻ പയ്യനാടിന്റെ

തെയ്യവും തോറ്റംപാട്ടും (1979) എന്നീ പഠനങ്ങൾ ഇത്തരത്തിൽ ശ്രദ്ധേയങ്ങളാണ്.

നാടൻകല, നാട്ടറിവ് എന്നീ മേഖലകളിൽ മാത്രമായി ചില വ്യക്തിത്വങ്ങൾ ഉണ്ടായി എന്നതും ഇവരും ഇവരുടെ വിഷയവും കേരളീയ പൊതുബോധത്തിന് പരിചിതമായിത്തുടങ്ങി എന്നതുമാണ് ഇക്കാലത്തെ എടുത്തുപറയത്തക്കനേട്ടം. അറുപതുകളുടെ അവസാനഘട്ടത്തിൽ രൂപപ്പെട്ടുതുടങ്ങിയ തനതു നാടകവേദിയെക്കുറിച്ചുള്ള ചർച്ചകൾ സജീവമായിത്തുടങ്ങിയപ്പോൾ പ്രത്യക്ഷത്തിലും പരോക്ഷത്തിലും അതിനെ സ്വാധീനിക്കാനും ഇവിടത്തെ നാടൻകലാപഠനങ്ങൾക്കു സാധിച്ചിട്ടുണ്ട്. കഥകളി, കൂത്ത് തുടങ്ങിയ ആഢ്യകലകൾ മാത്രമല്ല; പടയണി, മുടിയേറ്റ്, തെയ്യം, സംഘക്കളി തുടങ്ങിയ നാടൻകലാരൂപങ്ങളും ഗവേഷണ വിഷയങ്ങളാകാമെന്ന് ഇക്കാലത്തെ സർവ്വകലാശാല ഗവേഷണങ്ങൾ സൂചിപ്പിക്കാൻ തുടങ്ങി. നാടൻകലാപഠനവുമായി നേരിട്ടോ ഫോക്‌ലോർ പഠനം മുഖേനയോ ബന്ധപ്പെടുന്ന കുറച്ചാളുകൾ ഈ കാലയളവിൽ പല മേഖലകളിൽ നിന്നായി മുന്നോട്ടുവന്നു. ചുമ്മാർ ചൂണ്ടൽ, ജി.ഭാർഗവൻപിള്ള, എം.വി. വിഷ്ണുനമ്പൂതിരി, രാഘവൻ പയ്യനാട് തുടങ്ങിയവർ ഇതിൽ ഉൾപ്പെടുന്നു.

ഡോ. കെ.കെ.എൻ കുറുപ്പിന്റെ 'ആര്യദ്രാവിഡ ഘടകങ്ങൾ മലബാറിലെ നാടൻകലകളിൽ', 'സമൂഹം, ചാരിത്രം, സംസ്കാരം', ഡോ. ചുമ്മാർ ചൂണ്ടലിന്റെ 'കണ്യാർകളി', 'മുടിയേറ്റ്', ഡോ.എം.വി. വിഷ്ണുനമ്പൂതിരിയുടെ 'കോതാമ്മൂരി', 'ഫോക്‌ലോർ നിഘണ്ടു', 'വണ്ണാനും കെന്ത്രോൻപാട്ടും', ഡോ. എ.കെ. നമ്പ്യാരുടെ 'കേരളത്തിലെ നാടൻകലകൾ', ഡോ.തിക്കുറിശ്ശി ഗംഗാധരൻ നായരുടെ 'ഇരവിക്കുട്ടിപ്പിള്ളപ്പോര് ഒരു പഠനം', എസ് മോഹനചന്ദ്രന്റെ 'കോൽക്കളിപ്പാട്ടുകൾ ഒരു പഠനം', കെ.എൻ.കൃഷ്ണൻ കുട്ടിപ്പുലവരുടെ 'തോൽപ്പാവക്കൂത്ത്', കെ.എ. ചന്ദ്രഹാസന്റെ 'പടയണി', 'മുടിയേറ്റ്', 'തീയാട്ട്', രാമവർമ്മ അപ്പൻ തമ്പുരാന്റെ 'സംഘക്കളി' തുടങ്ങിയവ 1930കളിലുണ്ടായ പഠനങ്ങളുടെ കൂട്ടത്തിൽ ശ്രദ്ധേയങ്ങളാണ്. കലാരൂപങ്ങളെപ്പറ്റി മാത്രമല്ല താളമേളങ്ങളെപ്പറ്റിയും ഇക്കാലത്ത് പഠനങ്ങൾ ഉണ്ടായി. ഇതിൽ ചില പഠനങ്ങളെങ്കിലും വിശകലനസ്വഭാവമുള്ളവയാണെന്ന് എടുത്തുപറയേണ്ടിയിരിക്കുന്നു. നാടൻ കലാരൂപത്തിന്റെ ചരിത്രവും സ്വരൂപവിവരണവും നിർവ്വഹിക്കുന്ന പതിവിൽനിന്നു മാറി ചരിത്രം, സാമൂഹ്യശാസ്ത്രം നരവംശശാസ്ത്രം, ഫോക്‌ലോർ തുടങ്ങിയ വിഷയ

ങ്ങളിൽ നിന്നുള്ള ഉൾക്കാഴ്ചകളോടെ അവയെ സമീപിക്കാ
നുള്ള ശ്രമം ചില പഠനങ്ങളിലെങ്കിലും ഉണ്ട്. ഒരു ശാസ്ത്രീയ
വിഷയം എന്ന നിലയിൽ ഫോക്‌ലോറിനെ സമഗ്രമായി പരി
ചയപ്പെടുത്തുന്ന 'ഫോക്‌ലോർ' (രാഘവൻ പയ്യനാട് -1986)
പ്രസിദ്ധീകരിക്കപ്പെട്ടതും ഈ ദശകത്തിൽത്തന്നെയാണ്.

പടയണി, പൂരക്കളി, തെയ്യം, ആദിവാസികലകൾ, മാപ്പി
ളകലകൾ തുടങ്ങിയവയെപ്പറ്റി ഒട്ടേറെ പഠനങ്ങൾ തുടർന്നുള്ള
ദശകത്തിൽ പ്രസിദ്ധീകരിക്കപ്പെട്ടു. ഡോ.കെ.വിദ്യാസാഗറിന്റെ
'അനുഷ്ഠാനപുരാവൃത്തം പൊരുൾ', പ്രൊഫ. കടമ്മനിട്ട വാസു
ദേവൻപിള്ളയുടെ 'പടേനി', 'പടേനിയിലെ പാളക്കോലങ്ങൾ',
'പടേനിയുടെ ജീവതാളം' തുടങ്ങിയവ പടയണി എന്ന അനു
ഷ്ഠാനകലയെ വ്യത്യസ്ത വീക്ഷണകോണിലൂടെ വിശദീകരി
ക്കുന്നവയാണ്. 'പൂരക്കളി' എന്ന പേരിൽ ഡോ.കെ.കെ.കരു
ണാകരനും ഡോ.എം.വി.വിഷ്ണുനമ്പൂതിരിയും ഓരോ പഠന
ങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സി.ഗോപാലൻനായരുടെ 'തിറയും
അഞ്ചടിയും' എം.വി.വിഷ്ണുനമ്പൂതിരിയുടെ 'തെയ്യവും
തിറയും', 'തെയ്യം', രാഘവൻപയ്യനാടിന്റെ 'ഫോക്‌ലോറിന് ഒരു
പഠനപദ്ധതി' എന്നിവ പൊതുവെ തെയ്യത്തെപ്പറ്റി വിശദീകരി
ക്കുന്നവയാണ്. ചുമ്മാർ ചൂണ്ടലിന്റെ 'കറുത്ത കലകൾ', കാളി
ദാസ് പുതുമനയുടെ 'ഗോത്രശ്രുതി', എം.സെബാസ്റ്റ്യന്റെ 'മുറം
കിലുക്കിപ്പാട്ട്' തുടങ്ങിയവ ആദിവാസികലകളെപ്പറ്റി വിവരിക്കു
ന്നവയാണ്. ബക്കർ പന്നൂരിന്റെ (എ.ഡി) 'മാപ്പിള കലാദർപ്പണം',
സി.ആർ. രാജഗോപാലിന്റെ മുടിയേറ്റ്, നാട്ടോടി നേരരങ്ങ് രാഘ
വൻ പയ്യനാട് എഡിറ്റ് ചെയ്ത കേരള ഫോക്‌ലോർ എന്നീ പഠ
നങ്ങളും ശ്രദ്ധേയമാണ്. വിശകലനാത്മകവും കൂടുതൽ അക്കാ
ദമിക് സ്വഭാവത്തോടു കൂടിയതുമായ പഠനങ്ങൾ ധാരാളമുണ്ടായി
എന്നതാണ് ഈ കാലയളവിലെ സവിശേഷത.

ഇത്തരം പഠനങ്ങളും അവ പകർന്നു നൽകിയ അറിവു
കളും പൊതുബോധത്തെ സ്വാധീനിക്കുകയും അതിന്റെ തുടർച്ച
യെന്നോണമുള്ള ചില ഇടപെടലുകൾ നമ്മുടെ സാംസ്കാരിക
രംഗത്ത് പൊതുവായും നാടൻ കലാരംഗത്ത് വിശേഷിച്ചും നട
ക്കുകയുണ്ടായി. ജാതീയമായും സാമൂഹികമായും കീഴാളമെന്നോ
അപരിഷ്കൃതമെന്നോ വിശേഷിപ്പിക്കപ്പെട്ടിരുന്ന കലാരൂപങ്ങ
ളുടെ നേർക്കുള്ള മനോഭാവത്തിൽ മാറ്റമുണ്ടായി. പല അനു
ഷ്ഠാനങ്ങളും അനുഷ്ഠാനമെന്നതിനപ്പുറം കലാമൂല്യത്തിന്റെ
അടിസ്ഥാനത്തിൽ പരിഗണിക്കപ്പെടാൻ തുടങ്ങി. നാടൻകലക
ളെപ്പറ്റി ജനകീയതലത്തിൽ ചർച്ചകളും സർവ്വേകളും പ്രയോഗി

കപരിശീലനങ്ങളും ഉണ്ടായി. ഫോക്‌ലോർ ഫെലോസ് ഓഫ് മലബാർ ട്രസ്റ്റ്, നാട്ടറിവുപഠനകേന്ദ്രം തൃശ്ശൂർ, ആദികല ഇരിഞ്ചയം, കനവ് ഗുരുകുലം വയനാട് തുടങ്ങിയ സംഘടനകളും കേരള സംഗീതനാടകം അക്കാദമി, കേരള ഫോക്‌ലോർ അക്കാദമി തുടങ്ങിയ സ്ഥാപനങ്ങളും കൂടി ഇതിൽ ഗണ്യമായ പങ്കുവഹിച്ചു. പല സംഘടനകളും സർവ്വേകൾ നടത്തുകയും നശിച്ചതും നാശോന്മുഖമായതുമായ കലാരൂപങ്ങളെ ചിലതെങ്കിലും കണ്ടെത്തുകയും ചെയ്തിട്ടുണ്ട്. അനുഷ്ഠാനമെന്ന നിലയിൽ അന്യംനിന്നുപോയ നിണബലി പോലുള്ള കലാരൂപങ്ങൾ പുതിയ തലമുറയെ പഠിപ്പിച്ച് കലാരൂപമെന്ന നിലയിൽ പുതിയ സാഹചര്യങ്ങളിൽ അവതരിപ്പിച്ചു വരുന്നുണ്ട്. കാസർഗോഡ്, പാലക്കാട് തുടങ്ങിയ ജില്ലാ പഞ്ചായത്തുകളും ഏതാനും നഗരസഭകളും അതാതു പ്രദേശത്തെ നാടൻകലകൾ, അവതാരകർ, അവതരണസന്ദർഭം, കാലം തുടങ്ങിയവയെക്കുറിച്ചുള്ള പഠനങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ഗൃഹാതുരത്വമനോഭാവത്തോടെ ഒറ്റപ്പെട്ട വ്യക്തികൾ നടത്തിയ പഠനങ്ങളിലൂടെ നാടൻകലാപഠനം ഒരക്കാദമിക വിഷയവും തുടർന്ന് അക്കാദമികതലത്തിലും ജനജീവിതത്തിലും ഉള്ള ഇടപെടലിന്റേതായ മേഖലയും ആയി വികസിച്ചുവരുന്ന കാഴ്ച ഈ ചരിത്രത്തിലൂടെ തെളിഞ്ഞു വരുന്നുണ്ട്. നമ്മുടെ നാടൻകലകളിൽ അധികവും ജാതി-ജന്മിത്ത വ്യവസ്ഥയുമായി നേരിട്ടോ അതിന്റെ അനുബന്ധവ്യവസ്ഥകളുമായിട്ടോ ബന്ധപ്പെട്ടു നിൽക്കുന്നവയാണ്. വർത്തമാന ജീവിതത്തിൽ ഇത്തരം വ്യവസ്ഥകൾ അപ്രസക്തമാവുകയും അതുമായി ബന്ധപ്പെട്ട കലാരൂപങ്ങൾ നിറവേറ്റിയിരുന്ന ധർമ്മങ്ങൾ ഇല്ലാതായിത്തീരുകയും ചെയ്തതോടെ പല കലാരൂപങ്ങളുടെയും നിലനിൽപ്പ് തന്നെ ചോദ്യം ചെയ്യപ്പെട്ടു. ഇത്തരത്തിൽനിൽക്കക്കള്ളിയില്ലാതെ പോകുന്ന കലാരൂപങ്ങളുടെ കലാംശത്തിനും സാമൂഹികാംശത്തിനും വർത്തമാനകാല സാംസ്കാരിക രാഷ്ട്രീയാവസ്ഥയിൽ നിന്നുകൊണ്ട് പുതിയ വ്യാഖ്യാനങ്ങൾ നൽകാൻ ഇത്തരം പഠനങ്ങൾക്കും ഇടപെടലുകൾക്കും കഴിയണം. എങ്കിലേ പുതിയ അവസ്ഥയിലേക്കും പുതിയ ബോധത്തിലേയ്ക്കും അവയെ സന്നിവേശിപ്പിക്കാൻ സാധിക്കുകയുള്ളൂ. വ്യത്യസ്ത തലങ്ങളിൽ നടന്ന ഇത്തരം പ്രവർത്തനങ്ങളുടെ ഫലമായാണ് അനുഷ്ഠാനസാഹചര്യങ്ങളിൽനിന്ന് പുതിയ സാമൂഹ്യ സാഹചര്യങ്ങളിലേക്ക് ഒട്ടേറെ കലാവതരണങ്ങളെ പറിച്ചുനടാൻ ഇടയായത്. ഡോ. പി. വസന്തകുമാരിയുടെ ഫോക്‌ലോറിലെ സ്ത്രീ

സ്വത്വനിർമ്മിതി എന്ന പഠനം തെയ്യത്തെ പുതിയ ബോധത്തി
ലേക്കുകൂടി സന്നിവേശിപ്പിക്കാനുള്ള അക്കാദമിക ശ്രമത്തിന്
ദൃഷ്ടാന്തമാണ്. വെറും സ്വരൂപപഠനമെന്ന നിലക്കുള്ള നാടൻക
ലാപഠനങ്ങളുടെ കാലം കഴിഞ്ഞുപോയിരിക്കുന്നു. നിലവിലി
രിക്കുന്ന സാംസ്കാരികാവസ്ഥയിലും വൈജ്ഞാനിക മേഖല
യിലും പുതിയതായി എന്തെങ്കിലും കൂട്ടിച്ചേർക്കുന്ന പഠനങ്ങ
ളാണ് ഇനി നമുക്കുണ്ടാവേണ്ടത്. എന്ത് കൂട്ടിച്ചേർക്കപ്പെടണമെ
ന്നുള്ളതും അത് നമ്മെ എങ്ങോട്ടു നയിക്കണമെന്നുള്ളതും
രാഷ്ട്രീയമായിട്ടുകൂടി തീരുമാനിക്കപ്പെടേണ്ട ഒന്നാണ്. ചുറ്റു
ക്കത്തിൽ വർത്തമാനകാല സാംസ്കാരിക-രാഷ്ട്രീയ സാമൂഹിക
ജീവിതത്തോട് പ്രതിസ്പന്ദിച്ചുകൊണ്ടായിരിക്കണം നാടൻ കലാ
പഠനങ്ങൾ നടക്കേണ്ടത്. സമൂഹത്തോടുള്ള ഇത്തരം പ്രതിബ
ദ്ധതകൾ ഇല്ലാതെ പോയാൽ നാടൻ കലാപഠനവും ഫോക്
ലോർ പഠനവും എത്രമാത്രം പ്രതിലോമകരവും അപകടകരവും
ആയി മാറാമെന്നുള്ളതിന് ദൃഷ്ടാന്തമാണ് ജീവിതവും സംസ്കാ
രവും (വാല്യം 1-3) എന്ന പേരിൽ മുപ്പതോളം ജാതിക്കൂട്ടായ്മ
കളെപ്പറ്റി ഫോക്‌ലോർ അക്കാദമി നടത്തിയ പഠനങ്ങൾ.

## സഹായകഗ്രന്ഥങ്ങൾ


അച്യുതമേനോൻ, ചേലനാട്ട്, 1953: കേരളത്തിലെ കാളീസേവ, മദ്രാസ് യൂണിവേഴ്സിറ്റി

അപ്പൻ തമ്പുരാൻ, രാമവർമ്മ; 1987 : ദ്രാവിഡവൃത്തങ്ങളും അവയുടെ ദശാപരിണാമങ്ങളും, കോഴിക്കോട്: മാതൃഭൂമി

അപ്പൻ തമ്പുരാൻ, രാമവർമ്മ; 1987 : സംഘക്കളി, കോഴിക്കോട്: മാതൃഭൂമി

കുറുപ്പ്, കെ.കെ.എൻ.,1980: ആര്യദ്രാവിഡ ഘടകങ്ങൾ മലബാറിലെ നാടൻ കലകളിൽ, കോഴിക്കോട്, സന്ധ്യാ പബ്ലിക്കേഷൻസ്.

ചന്തേര, സി.എം.എസ്, 1973: കണ്ണകിയും ചീർമ്മക്കാവും, കോട്ടയം : എൻ.ബി.എസ്

ചന്തേര സി.എം.എസ്, 1978: കളിയാട്ടം, കോട്ടയം, എൻ.ബി.എസ്.

ചുമ്മാർ ചൂണ്ടൽ, 1970: നാടൻകല, തിരുവനന്തപുരം : ചരിത്രം പബ്ലിക്കേഷൻസ്.

ചുമ്മാർ ചൂണ്ടൽ, 1976: ഐവർനാടകം, കോട്ടയം : എൻ.ബി.എസ്.

ചുമ്മാർ ചൂണ്ടൽ, 1988: കണ്യാർകളി, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

ചുമ്മാർ ചൂണ്ടൽ, 1991: കറുത്തകലകൾ

ചുമ്മാർ ചൂണ്ടൽ 1993 : നാടോടി വിരുത്തം, പരിയാരം, സംസ്കൃതി.

നമ്പ്യാർ എ.കെ, 1989: കേരളത്തിലെ നാടൻകലകൾ, കോട്ടയം എൻ.ബി.എസ്.

നായർ എസ്.കെ, 1962: കേരളത്തിലെ നാടോടിനാടകങ്ങൾ, മദ്രാസ്, മദിരാശി സർവ്വകലാശാല

പയ്യനാട് രാഘവൻ, 1979: തെയ്യവും തോറ്റംപാട്ടും, കോട്ടയം, എൻ.ബി.എസ്

പയ്യനാട് രാഘവൻ, 1987: ഫോക്ക്ലോർ, തിരുവനന്തപുരം കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്

പയ്യനാട് രാഘവൻ, 1998: ഫോക്ക്ലോറിന് ഒരു പഠനപദ്ധതി, തൃശ്ശൂർ, കേരള സാഹിത്യ അക്കാദമി.

ബക്കർ, പന്നൂർ, 1988: മാപ്പിള കലാദർപ്പണം, കോട്ടയം,എൻ.ബി.എസ്.

ഭരതൻ, കെ.എം. 2003: ഫോക്ക്ലോർ സിദ്ധാന്തവും പ്രയോഗവും, പയ്യന്നൂർ: എഫ്.എഫ്.എം.പബ്ലിക്കേഷൻസ്.

രാഘവൻ,എം.ഡി, 1947: Folk plays and Dances of Kerala, Thrissur : Ramavarma Archaeological Research Centre.

വസന്തകുമാരി, പി: 2000: ഫോക്ക്ലോറിലെ സ്ത്രീ സ്വത്വനിർമ്മിതി, പയ്യന്നൂർ, എഫ്.എഫ്.എം, പബ്ലിക്കേഷൻസ്.

വാസുദേവൻപിള്ള, കടമ്മനിട്ട; 1993: പടേനി, തിരുവനന്തപുരം, കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്.

വിദ്യാസാഗർ, കെ., 1998: അനുഷ്ഠാനം പുരാവൃത്തം പൊരുൾ, പയ്യന്നൂർ, എഫ്.എഫ്.എം. പബ്ലിക്കേഷൻ

വിഷ്ണുനമ്പൂതിരി, എം.വി., 1978: കേരളത്തിലെ നാടോടി വിജ്ഞാനീയത്തിനൊരു മുഖവുര, കോട്ടയം, എൻ.ബി.എസ്.

വിഷ്ണുനമ്പൂതിരി, എം.വി., 1997: നാടോടിവിജ്ഞാനീയം, കോട്ടയം, ഡി.സി.ബുക്സ്.

വിഷ്ണുനമ്പൂതിരി, എം.വി., (എഡി) 2003: ജീവിതവും സംസ്കാരവും (വാല്യം -3), കണ്ണൂർ: കേരള ഫോക്ക്ലോർ അക്കാദമി.